## ക്ലാസ് - 5
## അധ്യാപകസഹായി
## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
## പ്രവർത്തന പുസ്തകം പ്രയോജനപ്പെടുത്തുമ്പോൾ

**ആമുഖം**

അഞ്ചാംക്ലാസ് മുതൽ തൊഴിൽ ഉദ്ഗ്രഥിത പഠനത്തിനായി പ്രവർത്തനപുസ്തകങ്ങൾ 2024 അധ്യയന വർഷം മുതൽ കുട്ടികൾക്കു ലഭ്യമാണ്. പ്രവൃത്തിപഠനം തൊഴിൽ ഉദ്ഗ്രഥിതപഠനത്തിലേക്ക് വളർന്ന അക്കാദമിക സാഹചര്യം രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തേണ്ട ചുമതല അധ്യാപകർക്കും വിദ്യാലയ സമൂഹത്തിനുമാണ്.

**അധ്യാപക പുസ്തകത്തിന്റെ പ്രസക്തി**

ക്ലാസ്മുറികളിൽ ചെയ്യാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമല്ല, തൊഴിൽ ഉദ്ഗ്രഥിത പ്രവർത്തന പുസ്തകത്തിലുള്ളത്. ശേഷികളും നൈപുണികളും ആശയങ്ങളും ധാരണകളും മൂല്യങ്ങളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിനുള്ള പഠന പ്രവർത്തനങ്ങളാണതിൽ. ഇതര വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും വിവിധ വിഷയങ്ങളിലെ ശേഷികൾ തൊഴിൽ ഉദ്ഗ്രഥിത പ്രവർത്തനങ്ങളുമായി ഉൾച്ചേർത്തും സാധിക്കുന്ന വിധത്തിലാണ് പ്രവർത്തന പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

കുട്ടികളുടെ ചിന്താപ്രക്രിയയെ ഉണർത്താനും പുതിയ ആശയങ്ങളും ഉല്പന്നങ്ങളും നിർമ്മിച്ചെടുക്കാനും അറിവുനിർമ്മാണത്തിന്റെ രീതിശാസ്ത്രം പിന്തുടരാനും കുട്ടികൾക്കു സാധിക്കണം. ഏതെങ്കിലും ഒരു മത്സരത്തിനുവേണ്ടി കുട്ടിയെ സന്നദ്ധനാക്കുക എന്നത് പഠന ലക്ഷ്യമല്ല. കുട്ടി സ്വാഭാവികമായി ഏതൊരു മത്സരത്തെയും അഭിമുഖീകരിക്കാനും, പഠന ലക്ഷ്യം കൈവരിക്കാനും കഴിയുന്ന രീതിയിൽ വേണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

പ്രവർത്തന പുസ്തകത്തിലെ ഓരോ യൂണിറ്റിലും ഒന്നോ രണ്ടോ പ്രവർത്തനങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഉള്ളടക്കം ഈ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല, പ്രവർത്തന പുസ്തകത്തിലെ പ്രവർത്തനങ്ങളുടെ തുടർച്ചയും കൂടുതൽ ആശയങ്ങൾ സ്വാംശീകരിക്കുന്നതിനുമുള്ള അവസരവും കുട്ടികൾക്കു നൽകണം. അതതു പ്രവൃത്തിമേഖലകളുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളുന്നതിനും ആശയരൂപീകരണം നടത്തുന്നതിനും ഉതകുകയും വേണം.

തൊഴിൽ ഉദ്ഗ്രഥിത പഠനത്തിന്റെ അധ്യാപക പുസ്തകത്തിൽ അതതുയൂണിറ്റുമായിബന്ധപ്പെട്ട ഗ്രിഡ്, പ്രവർത്തന ക്രമങ്ങളുടെ മാതൃകകൾ, മൂല്യനിർണ്ണയസാധ്യതകൾ എന്നിവയാണു നൽകിയിരിക്കുന്നത്. ഇത് അധ്യാപികയ്ക്ക് ഒരു സഹായിയും കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള ദിശാസൂചനയും നൽകുന്നതാണ്. ലഭ്യമായ പിരീയഡുകൾക്കുപുറമേ, അധികസമയം കണ്ടെത്തി നടത്തേണ്ടുന്ന പ്രോജക്ട് രീതിയിയുള്ള പ്രവർത്തനങ്ങളും ഉണ്ട്. ഇവയൊക്കെ കാര്യക്ഷമമായും ക്രിയാത്മകമായും സർഗ്ഗാത്മകമായും ഏറ്റെടുത്തു ചെയ്യുക എന്നത് വളരെ പ്രധാനമാണ്. അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാവുമ്പോഴേക്കും കുട്ടികൾക്ക് വൈവിധ്യമാർന്ന തൊഴിൽ നൈപുണികളെക്കുറിച്ച് ധാരണയും തന്റെ ഉന്നതവിദ്യാഭ്യാസം എങ്ങനെയായിരിക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടും വരേണ്ടതുണ്ട്. പ്രവർത്തന പുസ്തകത്തിലെ ഉള്ളടക്ക വിനിമയം ചെയ്യുമ്പോൾ ഇക്കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്

# യൂണിറ്റ് – 1
# കൃഷി
# ഇത്തിരി ഇടം ഒത്തിരി വിളവ്

അഞ്ചാംതരം പ്രവർത്തനപുസ്തകത്തിൽ ഒന്നാം യൂണിറ്റായി കൃഷിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സസ്യവളർച്ചയും കൃഷിയുമായും ബന്ധപ്പെട്ട യൂണിറ്റുകൾ കുട്ടികൾ ചെറിയ ക്ലാസുകളിൽ പഠിച്ചു വരുന്നുണ്ട്. പരിസര പഠനവുമായി ബന്ധപ്പെട്ട പാഠങ്ങളിൽ ഇതുമായി ബന്ധപ്പെട്ട അറിവുകൾ നേടിയിട്ടുണ്ട്. അതിന്റെ ഒരു പ്രായോഗിക പ്രവർത്തനത്തം എന്ന നിലയിലും പ്രാഥമിക മേഖല എന്ന നിലയിലും കൃഷി ഒന്നാം യൂണിറ്റായി നൽകിയിരിക്കുന്നു. കാർഷിക സംസ്കാരത്തിലേക്കും കൃഷിരീതിയിലേക്കും താത്പര്യം ജനിപ്പിക്കുന്നതിനും ഇടപെടുവിക്കുന്നതിനുമായി ഈ യൂണിറ്റിലൂടെ സാധിക്കണം. അതിനനുസരിച്ചുള്ള ആസൂത്രണവും ഇടപെടലുകളുമാണ് ടീച്ചർ ക്ലാസിൽ നടത്തേണ്ടത്.

പ്രകൃതിയുമായി ആഴത്തിലുള്ള ബന്ധവും, ഭക്ഷണം എവിടെ നിന്ന് ലഭിക്കുന്നു എന്നതിനെക്കുറിച്ചുള്ള ധാരണയും കുട്ടികളിൽ ഉണ്ടാകണം. കൂടാതെ, കുട്ടികൾ സസ്യങ്ങളെ പരിപാലിക്കുന്നതിലൂടെ  ഉത്തരവാദിത്തം, ക്ഷമ, പ്രശ്നപരിഹാരം തുടങ്ങിയ അവശ്യ ജീവിത നൈപുണികൾ നേടുന്നു. ലളിതവും, വേറിട്ടതും, നൂതനവുമായ കൃഷിരീതികളിൽ കുട്ടികൾ പങ്കാളികളാകുന്നതിലൂടെ പോഷകസമൃദ്ധമായ ഭക്ഷണം സ്വന്തമായി ഉണ്ടാക്കുന്നതിനുള്ള താല്പര്യമുണ്ടാക്കുകയും, കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യ ദൗർലഭ്യം തുടങ്ങിയ വെല്ലുവിളികളെ നേരിടാനുള്ള ചെറുതെങ്കിലും , നിർണ്ണായകമായ ഒരു പങ്ക് തങ്ങൾക്കും വഹിക്കാൻ കഴിയുമെന്ന ധാരണ അവരിലുണ്ടാക്കുകയും ചെയ്യുന്നു.

സ്കൂളിലും വീട്ടിലും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പ്രാഥമിക അറിവുകളും പ്രോത്സാഹനവും നൽകുകയെന്നതാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം. സ്ഥല പരിമിതിയുള്ളവർക്കുപോലും അനുവർത്തിക്കാൻ കഴിയുന്ന ഗ്രോബാഗുകളിലുള്ള കൃഷിരീതിയാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗുകൾ സ്വയം നിർമ്മിക്കാനും, നടീൽ മിശ്രിതം തയ്യാറാക്കി അതിൽ പച്ചക്കറികൾ നടാനുള്ള അറിവും ശേഷിയും ഈ പാഠഭാഗത്തിലൂടെ കുട്ടികൾ നേടേണ്ടതുണ്ട്.

വിത്ത് മുളക്കൽ സസ്യവളർച്ച തുടങ്ങിയ സസ്യശാസ്ത്രവുമായി ബന്ധപ്പെട്ട പരിസരപഠന വിഷയവുമയുള്ള ഉദ്ഗ്രഥനവും ഇതിലൂടെ സാധിക്കും.

**പാഠഭാഗത്തിലേക്ക്**

**മുന്നറിവ്**

- സസ്യവളർച്ചയുമായിബന്ധപ്പെട്ട പ്രാഥമിക കാര്യങ്ങൾ കുട്ടികൾ താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്
- വീട്ടിലും വിദ്യാലയത്തിലും കൃഷിചെയ്യുന്നത് കണ്ടിട്ടുണ്ട്;ഇടപെട്ടിട്ടുണ്ട്
- കൃഷിയിൽനിന്നാണ് ആഹാരം ലഭ്യമാകുന്നതെന്ന് കുട്ടികൾക്കറിയാം

**പഠന ലക്ഷ്യങ്ങൾ**

- ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മിക്കുക
- ഗ്രോബാഗ് ഉപയോഗിച്ചുള്ള കൃഷിരീതി അവലംബിക്കുക

**ഗ്രോബാഗ് കൃഷി എന്ത്, എന്തിന് ?**

കുട്ടികളുടെ മുന്നറിവ് പരിശോധനയിലൂടെ പാഠഭാഗത്തേക്ക് കടക്കാം. ചോദ്യങ്ങൾ ഉന്നയിക്കാം.

വീട്ടിൽ പച്ചക്കറികൃഷിയുള്ളവർ ആരൊക്കെയാണ്?
ഏതൊക്കെ കൃഷികളാണ് വീട്ടിലുള്ളത്?
എങ്ങനെയാണ് കൃഷിചെയ്യുന്നത്?
വിദ്യാലയത്തിലെ കൃഷിയെപറ്റിയും ചോദിക്കാം.
തുടർന്ന് പാഠഭാഗത്തിലേക്ക് കടക്കാം.

കുട്ടികൾ കൃഷി ചെയ്തുണ്ടാക്കിയ പച്ചക്കറികൾ സ്കൂളിൽ കൊണ്ടുവരുന്ന ചിത്രം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു കൊണ്ട് ഒരു പൊതു ചർച്ച ആരംഭിക്കാം.

**ചർച്ച സൂചകങ്ങൾ:**

- വയലുകളിലെ / പുരയിടങ്ങളിലെ പച്ചക്കറി കൃഷിയുടെ പ്രത്യേകതകൾ
- കൃഷിചെയ്യുന്ന പച്ചക്കറികൾ
- സ്ഥല പരിമിതിയുള്ളവർക്കുള്ള ബദൽ മാർഗ്ഗങ്ങൾ
- ഗ്രോ ബാഗ്, ചെടിച്ചട്ടി മുതലായവയിൽ വളർത്താൻ കഴിയുന്ന പച്ചക്കറി ഇനങ്ങൾ

തുടർന്ന്, ഗ്രോബാഗ് കൃഷിയുടെ മേന്മകൾ ചർച്ച ചെയ്യാം

**ചർച്ച സൂചകങ്ങൾ:**

- സ്ഥല സൗകര്യം
- ജലത്തിന്റെ ക്രമീകൃത ഉപയോഗം
- വളപ്രയോഗം
- കീടനിയന്ത്രണം
- പരിചരണ സൗകര്യങ്ങൾ
- വിളവെടുപ്പ്

പച്ചക്കറി കൃഷിക്കുള്ള ലളിതവും, ഏറ്റവും സൗകര്യപ്രദവുമായ ഒരു രീതിയാണ് ഗ്രോബാഗുകളെന്ന് ചർച്ചയുടെ ക്രോഡീകരണത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കുട്ടികളുണ്ടെങ്കിൽ അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാനുള്ള അവസരവും നൽകാവുന്നതാണ്.

തുടർന്ന് ഗ്രോബാഗ് നിർമ്മാണ പ്രവർത്തനത്തിലേക്ക് കടക്കാം. ആവശ്യമായ സാമഗ്രികൾ തയ്യാറാക്കി വെക്കലും കുട്ടികളെ സജ്ജരാക്കലും നടക്കണം. കുട്ടികളുടെ ചെറുഗ്രൂപ്പിലോ, വ്യക്തിഗതമായോ ഈ പ്രവർത്തനം നടത്താവുന്നതാണ്.

**ഗ്രോബാഗ് നിർമ്മാണവും, പച്ചക്കറി നടലും**

ക്ലാസ് തുടങ്ങുന്നതിന് മുൻപായി താഴെ പറയുന്ന സാധന - സാമഗ്രികൾ ഒരുക്കി വെയ്ക്കേണ്ടതാണ്:

- പഴയ ജീൻസ്
- വലിയ സൂചി
- നൂൽ
- കത്രിക
- കല്ല് / ഓട് കഷണങ്ങൾ
- ചകിരി, കരിയില
- മണ്ണ്, ചകിരിച്ചോറ്, ചാണകപ്പൊടി
- തക്കാളി വിത്ത് ചെടികൾ ( ഗ്രോബാഗുകളിൽ നടാൻ ഉചിതമായ ഏത് പച്ചക്കറി ചെടി / വിത്തുകളും ഉപയോഗിക്കാം)
- നനയ്ക്കാൻ ആവശ്യമായ വെള്ളം

പാഠപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഒരു ജീൻസ് / പാന്റ്സ് ഉപയോഗിച്ച് ഒരു ഗ്രോ ബാഗ് നിർമ്മിക്കുന്ന വിധം കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ടീച്ചറടൊപ്പം ചെയ്യുകയും വേണം. ഗ്രോബാഗുകൾ നിർമ്മിക്കാനുള്ള ബദൽ സാധ്യതകളും പരിചയപ്പെടുത്താവുന്നതാണ്.

തുടർന്ന്, മണ്ണ്, ചാണകപ്പൊടി, ചകിരിച്ചോറ് എന്നിവ ഉപയോഗിച്ച് നടീൽ മിശ്രിതം ഉണ്ടാക്കുന്ന വിധം പരിചയപ്പെടുത്താം.

ഗ്രോബാഗിൽ കല്ലുകളോ, ഇഷ്ടിക കഷ്ണങ്ങളോ നിരത്തി, അതിനു മുകളിൽ ചകിരിയോ കരിയിലയോ ഇട്ടതിന് ശേഷം, നടീൽ മിശ്രീതം നിറക്കുക. ആവശ്യത്തിനുള്ള മിശ്രിതം മുൻകൂട്ടി തയ്യാറാക്കി വെക്കണം. കൊണ്ടുവന്ന ചച്ചക്കറി ചെടി / വിത്ത് നടുന്ന രീതിയും കാണിച്ചു കൊടുക്കണം. വെള്ളം നനച്ച് ക്ലാസ് പരിസരത്ത് ആ ഗ്രോബാഗുകൾ സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യാൻ കുട്ടികളെ ചുമതലപ്പെടുത്തണം. ക്ലാസ് ഗ്രോബാഗ് കൃഷിത്തോട്ടം പരിപാലിക്കാനുള്ള തുടർച്ച ഉറപ്പാക്കുക.

(ക്ലാസ് റൂമിന് വെളിയിൽ ഏതെങ്കിലും മരത്തണലിൽ ഈ ക്ലാസ് സംഘടിപ്പിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം)

**ഗ്രോബാഗ് കൃഷി എങ്ങനെ വിജയകരമാക്കാം....?**

ഗ്രോ ബാഗുകളിൽ ചെടികൾ നട്ടുപിടിപ്പിക്കുമ്പോൾ, ശ്രദ്ധിക്കേണ്ട ചില നുറുങ്ങുകൾ ശ്രദ്ധിക്കുമല്ലോ?

**1. ശരിയായ വലിപ്പം തിരഞ്ഞെടുക്കുക:** വളർത്താൻ ഉദ്ദേശിക്കുന്ന ചെടികളുടെ വലുപ്പത്തിന് അനുയോജ്യമായ ഗ്രോബാഗുകൾ തിരഞ്ഞെടുക്കുക. ചെറിയ ചെടികൾക്ക് ചെറിയ ബാഗുകൾ ആവശ്യമായി വന്നേക്കാം, അതേസമയം വലിയ ചെടികൾക്ക് വലിയവ ആവശ്യമാണ്.

**2. ഗുണനിലവാരമുള്ള മണ്ണ് :** ഉയർന്ന വളക്കൂറുള്ള നിലവാരമുള്ള നടീൽ മിശ്രിതം ഉപയോഗിക്കുക. അതിലൂടെ ചെടിയുടെ വേരുകൾക്ക് നല്ല നീരൊഴുക്കും മതിയായ വായുസഞ്ചാരവും ഉറപ്പാക്കണം.

**3. മതിയായ നനവ് :** ഈർപ്പത്തിന്റെ അളവ് പതിവായി നിരീക്ഷിക്കുക. ഗ്രോബാഗുകൾ പെട്ടെന്ന് ഉണങ്ങിപ്പോകും, അതിനാൽ ചെടികൾക്ക് ആവശ്യാനുസരണം വെള്ളം നനയ്ക്കുക, മണ്ണ് സ്ഥിരമായി ഈർപ്പമുള്ളതും എന്നാൽ വെള്ളം അമിതമാകുന്നില്ലെന്നും ഉറപ്പാക്കണം.

**4. വളപ്രയോഗം:** പതിവായി വളപ്രയോഗം നടത്തി മതിയായ പോഷകങ്ങൾ നൽകുക. പരമ്പരാഗത മണ്ണിനേക്കാൾ വേഗത്തിൽ പോഷകങ്ങൾ ഗ്രോബാഗിൽ നിന്ന് പുറത്തേക്ക് ഒഴുകുന്നതിനാൽ, ആരോഗ്യകരമായ സസ്യ വളർച്ചയ്ക്ക് പതിവായി വള പ്രയോഗം നൽകേണ്ടത് അത്യാവശ്യമാണ്.

**5. സൂര്യപ്രകാശം:** ചെടികൾക്ക് ആവശ്യമായ സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് ഗ്രോബാഗുകൾ സ്ഥാപിക്കുക. മിക്ക പച്ചക്കറികൾക്കും പ്രതിദിനം കുറഞ്ഞത് 6-8 മണിക്കൂർ സൂര്യപ്രകാശം ആവശ്യമാണ്.

**6. ഉയരമുള്ള ചെടികൾക്കുള്ള താങ്ങുകൾ:** തക്കാളി, മുളക് പോലുള്ള ഉയരമുള്ള ചെടികളാണ് വളർത്തുന്നതെങ്കിൽ, അവ വളരുന്നതിനനുസരിച്ച് അവ മറിഞ്ഞുവീഴുന്നത് തടയാൻ ആവശ്യമായ താങ്ങുകളും നൽകണം.

**7. പ്രൂണിങ്ങും, വെട്ടിഒരുക്കലും:** ആരോഗ്യകരമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രോ ബാഗുകളിൽ അവയെ നിലനിർത്തുന്നതിനും ചെടികൾ ആവശ്യമെങ്കിൽ മുറിച്ച് പരുവപ്പെടുത്തണം.

**8. കീടങ്ങളും രോഗനിയന്ത്രണവും:** കീടങ്ങളും രോഗങ്ങളും സൂക്ഷിക്കുക, കാരണം ഗ്രോബാഗുകളുടെ പരിമിതമായ സ്ഥലത്ത് അവ വേഗത്തിൽ പടരുന്നു. നല്ല ശുചിത്വം പരിശീലിക്കുക, ആവശ്യമുള്ളപ്പോൾ ജൈവ കീടനിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കുക.

**9. വിള ചംക്രമണം:** മണ്ണിന്റെ ശോഷണം തടയുന്നതിനും കീടങ്ങളുടെയും രോഗങ്ങളുടെയും സാധ്യത കുറയ്ക്കുന്നതിനും വിളകൾ ഓരോ സീസണിലും മാറ്റി നടുക.

**10.നിരീക്ഷണവും ക്രമീകരണവും:** നിങ്ങളുടെ ചെടികളുടെ അവസ്ഥയും അവ വളരുന്ന പരിസ്ഥിതിയും തുടർച്ചയായി നിരീക്ഷിക്കുക. നല്ല വളർച്ചയും ഉൽപ്പാദനക്ഷമതയും ഉറപ്പാക്കാൻ ആവശ്യമായ നനവ്, വളപ്രയോഗം, മറ്റ് പരിചരണ രീതികൾ എന്നിവ ക്രമീകരിക്കുക.

ഈ പ്രധാന കാര്യങ്ങൾ മനസ്സിലാക്കി, ഗ്രോ ബാഗുകളിൽ വൈവിധ്യമാർന്ന പച്ചക്കറികൾ വിജയകരമായി വളർത്താനും സമൃദ്ധമായ വിളവെടുപ്പ് നടത്താനും കഴിയും.

**തുടർപ്രവർത്തനം**

ഇത്തരത്തിൽ ഗ്രോബാഗുകൾ കുട്ടികൾ വീട്ടിൽ ചെയ്യാൻ പ്രാപ്തരാവണം. ആവശ്യമായ നടീൽ മിശ്രിതമുണ്ടാക്കി, കുട്ടികൾ കൊണ്ടുവരുന്ന വിവിധ പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് നടത്തണം. ചെടിയുടെ വളർച്ചയും വിളവെടുപ്പും വരെയുള്ള ഘട്ടങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും വേണം.
കൃഷിയോട് കുട്ടികൾക്കൊപ്പം കുടുബത്തിനും താത്പര്യം ജനിപ്പിക്കുക എന്നതും പ്രധാനമാണ്.

**നിരന്തര വിലയിരുത്തൽ സാധ്യതകൾ**

ഗ്രോബാഗുകളുടെ നിർമ്മാണം, നടീൽ മിശ്രിതമുണ്ടാക്കൽ, ഗ്രോബാഗുകളിൽ മിശ്രീതമൊരുക്കൽ, ചെടികളുടെ പരിപാലനം എന്നിവയിലുള്ള അറിവും, ശേഷികളും വിലയിരുത്തേണ്ടതാണ്.
പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും കുട്ടികളുടെ ഇടപെടൽ, ധാരണ എന്നിവ വിലയിരുത്തണം.ഗുണാത്മകമായി രേഖപ്പെടുത്തണം.

ചർച്ചാ കുറിപ്പുകൾ, ചെടികളുടെ വളർച്ചയെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ എന്നിവ പോർട്ട് ഫോളിയോ വിലയിരുത്തലിന് പരിഗണിക്കാവുന്നതാണ്.

*****************

# സിലബസ് ഗ്രിഡ്

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **പഠനലക്ഷ്യങ്ങൾ** | **ആശയങ്ങൾ** | **ശേഷികൾ/നൈപുണികൾ (തൊഴിൽ നൈപുണികൾ ഉൾപ്പെടെ)** | **മൂല്യം/ മനോഭാവം** | **ഉൾച്ചേർത്തിട്ടുള്ള തീമുകൾ** | **വിഷയങ്ങളുടെ പാരസ്പര്യസാധ്യത** | **പഠനപ്രവർത്തനങ്ങൾ (പ്രക്രിയ സാധ്യതകൾ ഉൾപ്പെടെ)** | **പഠനസാമഗ്രികൾ** | **വിലയിരുത്തൽ (പ്രക്രിയ, പഠന തെളിവ് ഉൽപ്പന്നങ്ങൾ)** | **സമയം** |
| 1 | കൃഷി | ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മിക്കുന്നതിനും, ഗ്രോബാഗ് ഉപയോഗിച്ചുള്ള കൃഷിരീതി സ്വായത്തമാക്കുന്നതിനും | വിസ്തൃതി കുറവുള്ള സ്ഥലത്തും കൃഷി ചെയ്യാൻ സാധിക്കും. ഉപയോഗ ശൂന്യമായ വസ്തുക്കൾ കൊണ്ട് ഗ്രോ ബാഗുകൾ നിർമ്മിക്കാം | ഗ്രോബാഗ് നിർമ്മിക്കൽ, നിലമൊരുക്കൽ | ഗാർഹികാവശ്യങ്ങൾക്കുള്ളഭക്ഷ്യവസ്തുക്കൾ സ്വയം ഉൽപാദിക്കാമെന്ന മനോഭാവം. | വിവിധ തരം കൃഷി രീതികൾ | ശാസ്ത്രം-സസ്യങ്ങളുടെ വളർച്ച ഗണിതം ഉള്ളളവ് മതിച്ചു പറയുന്നു | (ഗ്രോ ബാഗ് നിർമ്മാണ വർക്ഷോപ്) ഗ്രോ ബാഗ്ഉണ്ടാക്കാൻ ആവശ്യമായഅസംസ്കൃതവസ്തുക്കൾ(പഴയ ജീൻസ്, ഫ്ളക്സ്, ചാക്ക്മുതലായവ) കുട്ടികൾ ശേഖരിക്കുന്നു. അനുയോജ്യമായ അളവിലുള്ള ഗ്രോ ബാഗുകൾ നിർമ്മിക്കുന്നു. ചകിരിച്ചോറ് , മണ്ണ് ,വളം, എന്നിവ ചേർത്ത് ഗ്രോ ബാഗ് ഒരുക്കി സസ്യങ്ങൾ നടുന്നു. | പഴയവസ്തുക്കൾ( ജീൻസ, ഫ്ളക്സ്, ചാക്ക്) മണ്ണ്, ചശിരിച്ചോറ്, വളം, തൈ/വിത്ത്, കൈക്കോട്ട്, കൊട്ട, ഗ്ലൗസ് | പ്രവർത്തനങ്ങളിലെ പങ്കാളിത്തം ഉൽപന്നം ചെടിയുടെ വളർച്ച / വിളവ് | 2 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | കൃഷി | മണ്ണ് ഉപയോഗിക്കാതെ ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ വളർത്തിയെടുക്കുന്നു . | മൈക്രോ ഗ്രീൻസ് എന്ന കൃഷിയിലൂടെ പോഷക സമ്പുഷ്ടമായ ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കാം | **അനുയോജ്യമായ വിത്തിനങ്ങൾ തെരെഞ്ഞെടുക്കൽ, വിത്ത്മുളപ്പിക്കൽ, പരിപാലിക്കൽ** | ഗാർഹികാവശ്യങ്ങൾക്കുള്ള ഭക്ഷ്യവസ്തുക്കൾ സ്വയം ഉൽപാദിക്കാമെന്ന മനോഭാവം. | ആരോഗ്യകരമായ ഭക്ഷണശീലം | ശാസ്ത്രംവിവിധതരംകൃഷിരീതികൾ | (പ്രൊജക്റ്റ്) ധാന്യം ഒരുദിവസം വെള്ളത്തിലിട്ടതിനുശേഷം ഒരുദിവസം കിഴികെട്ടി വെക്കുക. ഒരുതട്ടിൽ ടിഷ്യൂപേപ്പർ/ ചകിരിച്ചോർ ക്രമീകരിച്ച അതിലേക്ക് മുളപ്പിച്ച ധാന്യംവിന്യസിക്കുന്നു. | ടിഷ്യൂപേപ്പർ/ചകിരിച്ചോർ, തട്ടുകൾ, ധാനം, ഗ്ലൗസ് | പ്രവർത്തനങ്ങളിലെ പങ്കാളിത്തം, ഉൽപന്നം, ചെടിയുടെവളർച്ച | 2 |

# യൂണിറ്റ് - 2
# ഭക്ഷ്യവ്യവസായം
# ആഹാരം ആരോഗ്യത്തിന്

**പഠനലക്ഷ്യങ്ങൾ**

- ആഹാരത്തിൽ അവശ്യം വേണ്ട പോഷകഘടകങ്ങൾ ഏവയെന്ന് തിരിച്ചറിയുക
- ഭക്ഷ്യ വിഭവങ്ങളിൽ പോഷകഘടകങ്ങളുടെ സാന്നിധ്യവും അളവും തിരിച്ചറിയുക
- മതിയായ അളവിൽ പോഷകഘടകങ്ങൾ ലഭിക്കത്തക്കവണ്ണം ഭക്ഷണക്രമം അഥവാ ഫുഡ്പ്ലേറ്റ് തയ്യാറാക്കുന്നതിന് പ്രാപ്തരാവുക

**മുന്നറിവുകൾ**

- പ്രാദേശികമായി ലഭ്യമായ ഭക്ഷ്യവസ്തുക്കൾ ഏതൊക്കെയെന്ന് കുട്ടികൾക്കറിയാം
- സസ്യജന്യമായ വിവിധഇനം ഭക്ഷ്യവസ്തുക്കളെക്കുറിച്ചും ജന്തുജന്യമായ ഭക്ഷ്യവസ്തുക്കളെക്കുറിച്ചും അറിയാം.
- മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് ഭക്ഷണം എന്നറിയാം

**ആശയങ്ങൾ**

- ഭക്ഷ്യവിഭവങ്ങളിൽ മുഖ്യഘടകങ്ങളായ അന്നജം, മാംസ്യം, കൊഴുപ്പ്, വിറ്റാമിനുകൾ, മിനറലുകൾ എന്നിവ ദിവസേനയുള്ള ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്
- പൂരിതകൊഴുപ്പ് അധികമായി ഉൾപ്പെടുത്തുന്ന ഭക്ഷ്യവിഭവങ്ങൾ ആരോഗ്യത്തിന് ദോഷകരമാണ്.
- പച്ചക്കറിസാധനങ്ങളും പഴവർഗങ്ങളും കടകളിൽനിന്നും വാങ്ങുന്നതിനേക്കാൾ നല്ലത് നമ്മുടെ പരിസരത്തുനിന്നുതന്നെ കൃഷിചെയ്തുണ്ടാക്കുന്നതായിരിക്കും.

**സവിശേഷമായ തയ്യാറെടുപ്പുകൾ**

- പാഠപുസ്തകത്തിലെ പട്ടികകൾ ക്രോഡീകരിക്കുവാൻ ഉള്ള ചാർട്ടുകൾ
- ഫുഡ്പ്ലേറ്റിന്റെ വിവിധമാതൃകകൾ ഡിജിറ്റലായും മാനുവലായും തയ്യാറാക്കിയവ
- പോഷക സമ്പുഷ്ടമായ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കുവാനുള്ള പാചകക്കുറിപ്പുകൾ

പ്രവർത്തനത്തിലേക്ക്

രോഗങ്ങൾ ഇല്ലാത്തഅവസ്ഥയും ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയും ആണ് ആരോഗ്യം എന്ന് പൊതുവിൽ വിവക്ഷിക്കുന്നത്. പോഷകസംമ്പുഷ്ടമായ ആഹാരം ആരോഗ്യകരമായ ശാരീരികാവസ്ഥയ്ക്ക് അനിവാര്യമാണ്. കേരളീയപശ്ചാത്തലത്തിലെ വിഭവങ്ങൾ പോഷകങ്ങളുടെ കലവറയാണ്. നിത്യജീവിതത്തിൽ ഇവ ഉൾപ്പെടുത്തേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്. ഓരോഭക്ഷണപദാർത്ഥത്തിലും അടങ്ങിയിരിക്കുന്ന പോഷക

ഘടകങ്ങളെ തിരിച്ചറിയാൻ പ്രധാനപ്പെട്ട ഒരുസംഗതിയാണ് ഭക്ഷണത്തെ കൃത്യമായ അനുപാതത്തിൽ ഉൾപ്പെടുത്തി ഫുഡ്പ്ലേറ്റ് തയ്യാറാക്കി ഉപയോഗിക്കാൻ ശീലിക്കുക എന്നത്. ഭക്ഷ്യവുമായിബന്ധപ്പെട്ട ഈയൂണിറ്റിൽ വിഭവങ്ങളുടെ പട്ടിക, പോഷകഘടകങ്ങൾ, ഫുഡ്പ്ലേറ്റ് എന്നീ ആശയങ്ങൾ തിരിച്ചറിഞ്ഞ് ആരോഗ്യകരമായ ജീവിതശൈലിയും ഭക്ഷണക്രമീകരണവും സ്വീകരിക്കാൻ കുട്ടിപ്രാപ്തനാകുന്നു

**പ്രവർത്തനം**

സാധാരണയായി കുട്ടികളുടെ ഭക്ഷണക്രമത്തെയും ഭക്ഷ്യപദാർഥങ്ങളെയും സംബന്ധിച്ച ചർച്ചയിലൂടെ ക്ലാസ് ആരംഭിക്കാം.

നിത്യവും കഴിക്കുന്ന ഭക്ഷണ പദാർഥങ്ങളേവ ?

ഏതൊക്കെ വിഭവങ്ങളാണ് ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ?

ഓരോ കുട്ടിയുടേയും കുടുംബത്തിന്റെയും ഭക്ഷണരീതിയിൽ വ്യത്യാസങ്ങളുണ്ടാവാം.

കുട്ടികളുടെ ചുറ്റുപാടുനിന്നും ലഭ്യമാകുന്ന ഭക്ഷ്യപദാർഥങ്ങളേതൊക്കെ?

-ഇത്തരത്തിലുള്ള ചോദ്യങ്ങളിലൂടെ ക്ലാസ് ആരംഭിക്കാവുന്നതാണ്.

- വിശേഷദിവസങ്ങളിൽ കഴിക്കുന്ന ഭക്ഷണങ്ങൾ ഏതൊക്കെയാണ്?
- കുടുംബത്തോടെ പുറത്തു ഹോട്ടലുകളിൽപോയി ഭക്ഷണംകഴിക്കുന്ന ശീലം ഉണ്ടോ?
- ഹോട്ടലുകളിൽ പോവുമ്പോൾ എന്തൊക്കെ ഭക്ഷണങ്ങൾ ആണ് കഴിക്കാറ്?

തുടർന്ന് ഈഭക്ഷണങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ എന്തൊക്കെയാണെണ് കുട്ടികൾക്ക് അറിയാമോ എന്നചർച്ചനടത്താം

- സസ്യജന്യമായ വിഭവങ്ങൾ ഏതൊക്കെയാണ്?
- ഇലവർഗങ്ങൾ ഏതൊക്കെ?
- മാംസജന്യമായ വിഭവങ്ങൾ ഏതൊക്കെയാണ്?
- ഈവിഭവങ്ങളിൽ ഏതെങ്കിലും വീടുകളിൽ കൃഷിചെയ്യുന്നവയുണ്ടോ?
- ചുറ്റുപാടിൽനിന്നും ലഭിക്കുന്നവ ഏതൊക്കെയാണ്?
- വിലകൊടുത്തുവാങ്ങുന്നവ ഏതൊക്കെയാണ്?

കുട്ടികളുടെ ഉത്തരങ്ങൾ ടീച്ചർ ക്രോഡീകരിക്കേണ്ടതാണ്.

ഉദാ:

| ഭക്ഷ്യവിഭവം | പ്രാദേശികമായി ലഭിക്കുന്നവ | വിലകൊടുത്തു വാങ്ങുന്നവ | വീട്ടിൽതന്നെ ലഭ്യമാകുന്നവ |
|---|---|---|---|
| അരി | | ✓ | |
| പയർ | ✓ | | ✓ |
| ചീര | ✓ | | ✓ |
| ഉരുളക്കിഴങ്ങ് | | ✓ | |
| തക്കാളി | | ✓ | ✓ |
| വെണ്ടക്ക | | ✓ | ✓ |
| വെളുത്തുള്ളി | | ✓ | |
| ചോളം | | ✓ | |
| വെള്ളരിക്ക | ✓ | | ✓ |
| ഗോതമ്പ് | | ✓ | |
| പരിപ്പ് | | ✓ | |
| വഴുതനങ്ങ് | ✓ | | ✓ |
| ഉള്ളി | | ✓ | |
| നിലക്കടല | | ✓ | |
| മുരിങ്ങയില | ✓ | | ✓ |
| അരി | | ✓ | |

ക്രോഡീകരണത്തിൽ പ്രാദേശികമായി കൃഷിചെയ്യാവുന്നവയും വിലകൊടുത്തു വാങ്ങേണ്ടുന്നവയും മനസ്സിലാക്കാം. വിലകൊടുത്ത് വാങ്ങുന്ന ചിലവിഭവങ്ങൾ വീട്ടിൽ കൃഷിചെയ്യാൻ സാധിക്കും. അങ്ങനെയെങ്കിൽ വിഭവങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താനും സാമ്പത്തിക ലാഭം കുട്ടികളെ ബോധ്യപ്പെടുത്താനും സാധിക്കും. ഇപ്രകാരം വിഭവങ്ങളുടെ ശേഖരണവും ഉൽപാദനവും ഗുണവും എന്ന് ഉറപ്പുവരുത്തലും സാമ്പത്തികമെച്ചവും കുട്ടികളെ ബോധ്യപ്പെടുത്താം.

**അന്താരാഷ്ട്രതലത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ഐക്യരാഷ്ട്രസഭയുടെ രാഷ്ട്രീയതര പ്രത്യേക ഏജൻസിയാണ് ലോകാരോഗ്യ സംഘടന. ആരോഗ്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഒരു മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യമാണ്. ഈ ആരോഗ്യത്തിന്റെ സംരക്ഷണമാണ് ലോകാരോഗ്യ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.**

**അധികമായി ചേർക്കാവുന്ന ക്ലബ്ബ് പ്രവർത്തനം**

പ്രാദേശിക കർഷകർ ന്യൂടീഷ് ഡയറ്റീഷ്യൻ എന്നിവരുമായുള്ള അഭിമുഖം

**സൂചകങ്ങൾ :**

**പ്രാദേശിക കർഷകർ**

- കൃഷിയിനങ്ങൾ
- കൃഷി ചെയ്യാൻ അനുകൂലമായ കാലാവസ്ഥ

**ഡയറ്റീഷ്യൻ ന്യൂടീഷനിസ്റ്റ്**

- ഓരോ പ്രായത്തിലുമുള്ള കുട്ടികൾക്ക് ആവശ്യമായ പോഷകഘടകങ്ങൾ അടങ്ങിയ ഭക്ഷ്യ വിഭവങ്ങൾ ഏതൊക്കെയാണ്
- ബേക്കറി ഫാസ്റ്റ് ഫുഡ് എന്നിവ കുട്ടികൾ അമിതമായി കഴിച്ചാൽ ഉണ്ടാവുന്ന ദോഷങ്ങൾ.

**പ്രവർത്തനം 2: ഫുഡ്പ്ലേറ്റ്**

കുട്ടികൾ കഴിക്കുന്ന ഭക്ഷണത്തിലെ വൈവിധ്യത്തെസംബന്ധിച്ച ചർച്ചയിലൂടെ ഫുഡ്പ്ലേറ്റ് എന്നആശയത്തിലേക്ക് എത്താം

**സൂചകങ്ങൾ :**

എല്ലാദിവസവും ഒരേതരം ഭക്ഷണമാണോ കഴിക്കുന്നത്?
ഒരേതരം ഭക്ഷണംകൊണ്ട് ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ എല്ലാം ലഭ്യമാവുമോ?





rolled oats
Muesli
Polenta
couscous
Quinoa
Fettuccine
Penne
brown rice
white rice
Wheat flakes
Red kidney beans
Red lentils
Chickpeas
Lentils
Mixed nuts
tofu
milk
soy drink
skim milk powder

**അധിക പ്രവർത്തനം:**

**പൂരിതകൊഴുപ്പ്, അപൂരിതകൊഴുപ്പ്**

ബോക്സ് വായിച്ചശേഷം കുട്ടികളോട് ഫുഡ്പ്ലേറ്റിലെ അവർ കഴിക്കുന്ന ഭക്ഷണസാധനങ്ങളിൽ ഏതുതരംകൊഴുപ്പാണ്അടങ്ങിയിരിക്കുന്നത്എന്ന്പട്ടികപ്പെടുത്താൻആവശ്യപ്പെടാം .

പൂരിത –അപൂരിത കൊഴുപ്പുകൾ കൂടുതൽ അടങ്ങിയ ഭക്ഷണപദാർത്ഥങ്ങളുടെ പേരുകൾ എഴുതി ക്രോഡീകരിക്കാം .

ക്രോഡീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷണവിഭവങ്ങളെ കൂടുതലായികഴിക്കേണ്ടവ, മിതമായികഴിക്കേണ്ടവ എന്നുതരംതിരിച്ച് ധാരണയാക്കാം.

***പ്രവർത്തനം***

**ഫുഡ്പ്ലേറ്റ് മെച്ചപ്പെടുത്തൽ**

ധാരണകളുടെ അടിസ്ഥാനത്തിൽ ഫുഡ്പ്ലേറ്റ്  വീണ്ടും തയ്യാറാക്കാൻ ആവശ്യപ്പെടാം .

കുട്ടികളോട് അതിനുവേണ്ട സാധനങ്ങൾ കൊണ്ട് വരാനുള്ളനിർദ്ദേശം മുൻകൂട്ടികൊടുക്കണം .

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ഫുഡ്പ്ലേറ്റ് സാമ്പിളോ ഇന്റർനെറ്റിലും മറ്റുസങ്കേതങ്ങളിലും തിരഞ്ഞാൽ കിട്ടുന്നരീതിയിലോ ഫുഡ്പ്ലേറ്റ് നിർമ്മിക്കാവുന്നതാണ്.

WHOപട്ടികയുടെ അടിസ്ഥാനത്തിൽ ഓരോ നേരത്തെയും ഭക്ഷണത്തിൽ ആവശ്യത്തിന് പോഷകഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന്ടീച്ചർനോക്കി ഉറപ്പുവരുത്തണം .

പ്രവർത്തനങ്ങളിലെ പങ്കാളിത്തം, ധാരണ എന്നിവയുമായി ബന്ധപ്പെട്ട വിലയിരുത്തൽ നടത്തി ഗുണാത്മകമായി രേഖപ്പെടുത്തൽ നടത്തേണ്ടതാണ്.

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ് : 5

വിഷയം : ഭക്ഷ്യവ്യവസായം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **പഠനലക്ഷ്യങ്ങൾ** | **ആശയങ്ങൾ** | **ശേഷികൾ/ നൈപുണികൾ (തൊഴിൽ നൈപുണികൾ ഉൾപ്പെടെ)** | **മൂല്യം/ മനോഭാവം** | **ഉൾച്ചേർത്തിട്ടുള്ള തീമുകൾ** | **വിഷയങ്ങളുടെ പാരസ്പര്യ സാധ്യത** | **പഠനപ്രവർത്തനങ്ങള് (പ്രക്രിയ സാധ്യതകൾ ഉൾപ്പെടെ)** | **പഠനസാമഗ്രികൾ** | **വിലയിരുത്തൽ (പ്രക്രിയ, പഠനത്തെളിവ് ഉൽപ്പന്നങ്ങൾ)** | **സമയം** |
| | ഭക്ഷ്യ വ്യവസായം | • ആഹാരത്തിൽ അവശ്യം വേണ്ട പോഷക ഘടകങ്ങൾ, ഭക്ഷ്യവിഭവങ്ങളിൽ ഇവയുടെ സാന്നിധ്യം എന്നിവ സംബന്ധിച്ച ധാരണ നേടുക<br>• മതിയായ അളവിൽപോഷക ഘടകങ്ങൾ ലഭിക്കത്തക്കവണ്ണം ഭക്ഷണ സാധനങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച ധാരണ നേടുക. | • ഭക്ഷ്യ വിഭവങ്ങളിൽ മു++ഖ്യമായുള്ള പോഷക ഘടകങ്ങൾ അന്നജം, മാംസ്യം, കൊഴുപ്പ്, വിറ്റമിനുകൾ, മിനറലുകൾ, നാരുകൾ എന്നിവയാണ്<br>• ഭക്ഷണത്തിൽ പൂരിത കൊഴുപ്പിന്റെ അളവ് വർധിക്കുമ്പോൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുന്നു.<br>• പ്രാദേശികമായി ലഭ്യമാവുന്ന മിക്ക ഭക്ഷ്യവിഭവങ്ങളിലും ധാരാളമായി പോഷക ഘടകങ്ങൾ അടങ്ങിയിട്ടുണ്ട് | • ഭക്ഷണ വിഭവങ്ങളിൽ പോഷക ഘടകങ്ങൾ വിവിധ സ്രോതസ്സുകളെ ആധാരമാക്കി കണ്ടെത്താനുള്ള ശേഷി<br>• ഫുഡ് പ്ലേറ്റ് തയ്യാറാക്കാനുള്ള ശേഷി | • ആരോഗ്യകരമായ ആഹാരശീലങ്ങൾ പിന്തുടരുന്നതിനുള്ള മനോഭാവം<br>• പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടുത്തുവാനുള്ള മനോഭാവം | • ആഹാരവും ആരോഗ്യവും | • അടിസ്ഥാന ശാസ്ത്രം | • ഭക്ഷ്യ വിഭവങ്ങളെ പ്രാദേശികമായും പുറമെ നിന്ന് വാങ്ങുന്നവയുമായി തരം തിരിക്കുന്നു<br>• പ്രാദേശികമായി ലഭ്യമായ ഭക്ഷണ വിഭവങ്ങളുടെ പോഷകമൂല്യം സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വീട്ടിലും വിദ്യാലയത്തിലും പ്രദർശിപ്പിക്കുന്നു<br>• തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ ഫുഡ് പ്ലേറ്റ് മെച്ചപ്പെടുത്തുന്നു | • ചാർട്ട് പേപ്പർ, പെൻസിൽ, സ്കെയിൽ, ഐസിടി ഉപകരണങ്ങൾ | • ഫുഡ് പ്ലേറ്റ് തയ്യാറാക്കുന്നതിലെ മികവ്<br>• സ്വയം വിലയിരുത്തൽ, ടീച്ചറുടെ വിലയിരുത്തൽ | |

## യൂണിറ്റ് - 3
## പാർപ്പിടം
## കൂട്ടുകൂടാം കൂടൊരുക്കാം

**ആമുഖം**

അഞ്ചാം ക്ലാസ്സിൽ കുട്ടി പരിചയപ്പെടണമെന്ന് രീരുമാനിച്ച യൂണിറ്റുകളിൽ ഒന്നാണ് കെട്ടിട നിർമ്മാണ മേഖല. കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികവും വൈപുണി സംബന്ധവുമായ ഉയർന്ന ശേഷികൾ അഞ്ചാംക്ലാസ്സിൽ പരിഗണിക്കുന്നില്ല. ഉയർന്ന ക്ലാസസ്സുകളിലെത്തുമ്പോഴേക്കും കുട്ടി നിർമ്മാണ മേഖലുമായി ബന്ധപ്പെട്ട ഉയർന്ന ശേഷികളും നൈപുണികളും സാങ്കേതിക കാര്യങ്ങലും വിശദമായി പഠിക്കും. തുടക്കം എന്ന നിലയിൽ അഞ്ചിൽ വീട് എന്ന തീമിൽമാത്രമാണ് ഊന്നൽ നൽകുന്നത്.

ഭക്ഷണവും വസ്ത്രവും പോലെ നമ്മുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. ആദ്യ കാഴ്ചയിൽ വീടിന്റെ പുറംഭാഗത്തിന്റെ ഭംഗിയാണ് നമ്മെ ആകർഷിക്കുന്നതെങ്കിലും അതുപോലെതന്നെ പ്രാധാന്യമേറിയതാണ് ഉൾഭാഗത്തിന്റെ വിന്യാസവും. കൃത്യമായ പ്ലാനിലൂടെ എത്ര ചെറിയ സ്ഥലത്തും സൗകര്യപ്രദവും ഭംഗിയുള്ളതുമായ വീട് നിർമ്മിക്കാൻ സാധിക്കും. സർഗാത്മകതയും *ഡ്രാഫ്റ്റ്പേഴ്സൺഷിപ്പും സമ്മേളിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഇത്. നിർദ്ദേശങ്ങൾക്കനുസരിച്ച് വീടിന്റെ അകം, പുറം കാഴ്ചകൾ വരയ്ക്കുന്നത് വിദ്യാർത്ഥികൾക്ക് കൗതുകരമായ പഠനാനുഭവമായിരിക്കും. വീടിന്റെ വലുപ്പത്തിനേക്കാൾ ഉപയുക്തതയ്ക്ക് പ്രാധാന്യം നൽകി കെട്ടിടനിർമ്മാണം എങ്ങനെ ഫലപ്രദമായി നടത്താം എന്നതിനെക്കുറിച്ച് ധാരണ കൈവരിക്കാൻ ഈ പാഠഭാഗത്തിലൂടെ സാധിക്കും.

**പിരീയഡ് – 3**

**ആകെ പ്രവർത്തനങ്ങൾ - 4**

**പഠന ലക്ഷ്യങ്ങൾ**

- വീടിന്റെ പുറം കാഴ്ചയും അകം കാഴ്ചയും വരച്ചു കാണിക്കാൻ കഴിയുക
- വീടിന്റെ ചെറുമാതൃക നിർമ്മിക്കുക

**മുന്നറിവുകൾ**

- വിവിധ ആകൃതിയിലും വലിപ്പത്തിലുമുള്ള വീടുകൾ കണ്ടിട്ടുണ്ട്.
- വിവിധ അവശ്യങ്ങൾക്കായി വീടുകളിൽ മുറികൾ ഉണ്ട് എന്ന് കുട്ടിക്കറിയാം.

**ആശയം/ധാരണ**

- കെട്ടിടനിർമ്മാണത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കെട്ടിടങ്ങളുടെ രൂപകല്പന.
- ഉപയുക്തതയ്ക്കനുസരിച്ചായിരിക്കണം കെട്ടിടങ്ങളിൽ മുറികളുടെ വിന്യാസം നടത്തേണ്ടത്.

കെട്ടിടനിർമ്മാണ രീതികളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് കാലാവസ്ഥ, ഭൂപ്രകൃതി, സാമഗ്രികളുടെ ലഭ്യത തുടങ്ങിയവ.

**ഡ്രാഫ്റ്റ്‌പേഴ്‌സൺഷിപ്പ്**

കെട്ടിടങ്ങളുടെ മാതൃക, പ്ലാൻ, രേഖാചിത്രം എന്നിവ തയ്യാറാക്കുന്നതിനുള്ള വൈദഗ്ധ്യം.

**മൂല്യം/മനോഭാവം**

- ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് വീടുകൾ നിർമ്മിക്കേണ്ടത്.
- പാർപ്പിട നിർമാണത്തിൽ സുസ്ഥിര നിർമ്മാണ രീതികൾ അവലംബിക്കേണ്ട താണെന്ന മനോഭാവം

**സവിശേഷമായ തയ്യാറെടുപ്പുകൾ/ധാരണകൾ**

- വീടിന്റെ പുറം കാഴ്ച, മുറികളുടെ ക്രമീകരണം നടത്തിയത് എന്നിവയുടെ ചിത്രങ്ങൾ
- വിവിധ കാലാവസ്ഥ മേഖലയിലും ഭൂപ്രകൃതിയിലുമുള്ള വീടുകളുടെ ചിത്രങ്ങൾ
- വീടിന്റെ ചെറുമാതൃക
- നിർമ്മാണ വീഡിയോ

**ഈ യൂണിറ്റിൽ ആകെ 4 പഠനപ്രവർത്തനങ്ങളാണ് ഉള്ളത്.**

**യൂണിറ്റിലൂടെ**

**പ്രവർത്തനം 1**

കുട്ടികളുടെ താമസസ്ഥലവുമായി ബന്ധപ്പെട്ട ലഘു സംഭാഷണത്തിലൂടെ പാഠഭാഗം ആരംഭിക്കാമല്ലോ. വീടിന്റെ പുറം കാഴ്ചയും മുറികളുടെ ക്രമീകരണത്തിന്റെയും ചിത്രങ്ങൾ പ്രദർശിപ്പിക്കാം. കൂടുതൽ ഉദാഹരണങ്ങൾ ചാർട്ട്പേപ്പറിൽ വരച്ചത് പ്രദർശിപ്പിക്കാവുന്നതാണ്.

തുടർന്ന് കുട്ടികളോട് അവരുടെ ഭാവനക്കനുസരിച്ച് ഒരു വീടിന്റെ മുൻവശക്കാഴ്ചയും മുറികളുടെ ക്രമീകരണവും വരക്കാൻ ആവശ്യപ്പെടാം. വരയ്ക്കുന്നതിൽ കൂടുതൽ തൽപരരായ വിദ്യാർത്ഥികളെ മുൻവശ കാഴ്ചക്ക് പുറമേ, മറ്റു വശങ്ങളിൽ നന്നുള്ള കാഴ്ചകൾ കൂടി വരക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ചിത്രങ്ങൾ വരയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അധ്യാപിക നൽകേണ്ടതാണ്. സവിശേഷ ശ്രദ്ധ ആവശ്യമായ പഠിതാക്കൾക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ പിയർ ഗ്രൂപ്പിന്റെ സഹായം ലഭ്യമാക്കേണ്ടതാണ്.

കുട്ടികളെ അഞ്ചോ ആറോ പേരുള്ള ഗ്രൂപ്പായി തിരിക്കുകയും ഓരോ ഗ്രൂപ്പിലെയും കുട്ടികൾ വ്യക്തിഗതമായി വരയ്ക്കുകയും ചെയ്യട്ടെ. പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഗ്രൂപ്പിലെ അംഗങ്ങൾ സഹായിക്കട്ടെ. ടീച്ചർക്കും ഗ്രൂപ്പിൽ ഇടപെട്ട് കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സൗകര്യമാകും.

**കുട്ടികൾക്ക് നൽകേണ്ട നിർദ്ദേശങ്ങൾ**

- പുറം കാഴ്ച വരയ്ക്കുമ്പോൾ മേൽക്കൂര, ജനൽ, വാതിൽ എന്നിവ യഥാസ്ഥാന ങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.
- രൂപരേഖയിൽ മുറികൾ (കിടപ്പുമുറി അടുക്കള, വരാന്ത, സ്വീകരണ മുറി) ക്രമീകരിക്കേണ്ടതാണ്.

**പ്രവർത്തനം 2**

വിദ്യാർഥികൾ വരച്ച ചിത്രങ്ങളുടെ സഹായത്തോടെ ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ പട്ടിക പൂർത്തിയാക്കാം.

| മുറികൾ | ഉപയോഗം |
|---|---|
| • അടുക്കള<br>• കിടപ്പുമുറി<br>• സ്വീകരണമുറി<br>• സ്റ്റോർറൂം | • പാചകത്തിന്<br>• വിശ്രമം, ഉറക്കം<br>• ദൈനംദിന പ്രവർത്തനങ്ങൾ<br>• സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കൽ |

കുട്ടികൾ വരച്ച മുറികൾക്കനുസരിച്ച് ഉപയോഗവും എഴുതട്ടെ. ഏതെങ്കിലും കാര്യം പ്രത്യേകം എഴുതാൻ നിർബന്ധിക്കേണ്ടതില്ല.

പ്രവർത്തനത്തിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.

വിലയിരുത്തൽ യഥാനുസരണം നടക്കണം.

**പ്രവർത്തനം 3**

വിവിധ ആകൃതിയിലുള്ള വീടുകളുടെ പോസ്റ്ററുകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.









ടെക്സ്റ്റ് ബുക്കിലെ സൂചകങ്ങളുടെ സഹായത്തോടെ വീടുകളുടെ ആകൃതി, നിർമ്മാണ വസ്തുക്കൾ എന്നിവ കാലാവസ്ഥക്കും ഭൂപ്രകൃതിക്കും എത്രമാത്രം അനുയോജ്യമാണെന്ന് ആവശ്യമായ പൊതുചർച്ച.

**ചർച്ചാ സൂചകങ്ങൾ**

1. വീടുകളുടെ മേൽക്കൂരയുടെ ആകൃതി
2. വ്യത്യസ്ത നിർമ്മാണ സാമഗ്രികൾ
3. കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയ്ക്കനുസരിച്ചുള്ള വിവിധ ആകൃതിയിലുള്ള വീടുകൾ

**ക്രോഡീകരണം**

ചർച്ചകളുടെ അടിസ്ഥാനത്തിൽ വിവിധതരം വീടുകൾ വിവിധതരം നിർമ്മാണ വസ്തുക്കൾ കൊണ്ട് നിർമ്മിക്കപ്പെട്ടവയാണെന്നും അവ കാലാവസ്ഥക്കും ഭൂപ്രകൃതിക്കും യോജിച്ച നിർമാണരീതി പിന്തുടരുന്നു എന്നുമുള്ള ധാരണ കുട്ടിക്ക് ലഭിക്കുന്നു.

**പ്രവർത്തനം 4**

വീടിന്റെ ചെറു മാതൃകയുടെ നിർമ്മാണത്തിന്റെ വീഡിയോ പ്രദർശിപ്പിക്കാവുന്നതാണ്.

വീടിന്റെ ചെറുമാതൃക നിർമ്മാണത്തിന് ടീച്ചർ ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. ടെക്സ്റ്റ് ബുക്കിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് വീടിന്റെ ചെറുമാതൃക നിർമ്മിക്കേണ്ടതാണ്.

**ഉല്പന്നങ്ങൾ**

1. കെട്ടിടത്തിന്റെ പുറംകാഴ്ചയും മുറികളുടെ ക്രമീകരണവും ചിത്രീകരിച്ചത്
2. വീടിന്റെ ചെറുമാതൃക
3. കെട്ടിടങ്ങളുടെ ആകൃതിയും നിർമ്മാണ രീതികളും വ്യത്യസ്തമായിരിക്കുന്നതിന്റെ കാരണങ്ങൾ പട്ടികപ്പെടുത്തിയത്.

**പോർട്ട് ഫോളിയോയിലേക്ക്**

- വ്യത്യസ്ത ആകൃതിയിലും നിർമ്മാണ സമ്പ്രദായത്തിലുമുള്ള വീടുകളുടെ അകം പുറം കാഴ്ചകളുടെ ചിത്രീകരണം
- വീടുകളുടെ ചെറുമാതൃകകളുടെ പ്രദർശനം.
- നിർമ്മാണഘട്ടങ്ങൾ ഡോക്യുമെന്റ് ചെയ്തത്.

**വിലയിരുത്തൽ**

**പ്രവർത്തനം 2**

വീടിന്റെ മുൻകാഴ്ച, മുറികളുടെ ക്രമീകരണം എന്നിവയുടെ ചിത്രങ്ങൾ വരച്ചത് വിലയിരുത്തുന്നു.

| | ഉണ്ട് | ഇല്ല |
|---|---|---|
| മുറികൾ വ്യത്യസ്ത ആവശ്യങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട് | | |
| വാതിൽ, ജനൽ എന്നിവ യഥാസ്ഥാനങ്ങളിൽ നൽകിയിട്ടുണ്ട് | | |
| മുൻവശക്കാഴ്ച വരച്ചുപൂർത്തിയാക്കിയിട്ടുണ്ട് | | |
| നൽകിയ സമയത്തിനുള്ളിൽ പഠനപ്രവർത്തനം പൂർത്തിയാക്കി യിട്ടുണ്ട് | | |

**വിലയിരുത്തൽ സൂചകങ്ങൾ**

**പ്രവർത്തനം 3**

- കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയ്ക്കനുസരിച്ചുള്ള വ്യത്യസ്ത നിർമ്മാണ രീതിയെക്കുറിച്ചുള്ള ധാരണ
- വ്യത്യസ്ത നിർമ്മാണ സാമഗ്രികളെക്കുറിച്ച് ധാരണ

**വിലയിരുത്തൽ**

**പ്രവർത്തനം 4**

| വിലയിരുത്തൽ സൂചകങ്ങൾ | ഉണ്ട് | ഇല്ല |
|---|---|---|
| നിർദ്ദേശങ്ങൾക്കനുസരിച്ച് വീടിന്റെ ചെറു മാതൃക പൂർത്തിയാക്കി യിട്ടുണ്ടോ? | | |
| മുറികളുടെ ക്രമീകരണം കൃത്യമായി നടത്തിയിട്ടുണ്ടോ? | | |
| ജനൽ വാതിലുകൾ എന്നിവ യഥാസ്ഥാനങ്ങളിൽ ക്രമീകരിച്ചിട്ടുണ്ടോ? | | |
| നിർമ്മാണത്തിന്റെ പൂർണ്ണത | | |
| നിർമ്മാണത്തിലെ പങ്കാളിത്തം | | |

## സിലബസ് ഗ്രിഡ്
# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ് :5 | വിഷയം : പാർപ്പിടം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| **ക്രമനമ്പർ** | **മേഖല** | **പഠനലക്ഷ്യങ്ങൾ** | **ആശയങ്ങൾ** | **ശേഷികൾ നൈപുണികൾ/ തൊഴിൽ) നൈപുണികൾ (ടെഉൾപ്പെ** | **മൂല്യം/ മനോഭാവം** | **ഉൾച്ചേർത്തിട്ടുള്ള തീമുകൾ** | **വിഷയങ്ങളുടെ പാരസ്പര്യസാധ്യത** | **പഠനപ്രവർത്തനങ്ങൾ പ്രക്രിയ ) സാധ്യതകൾ (ടെഉൾപ്പെ** | **പഠനസാമഗ്രികൾ** | **വിലയിരുത്തൽ പ്രക്രിയ), പഠനത്തെളിവ് ഉൽപ്പന്നങ്ങള്(** | **സമയം** |
| | പാർപ്പിടം | • വീടിന്റെ പുറം കാഴ്ചയും അകം കാഴ്ചയും വരച്ചു കാണിക്കാൻ കഴിയുക<br>• വീടിന്റെ ചെറു മാതൃക നിർമ്മിക്കുക | • ഓരോ വീടും നിർമ്മിക്കുന്നതിനു മുമ്പ് വീടിന്റെ രൂപകല്പന നടത്തുന്നുണ്ട്<br>• വ്യത്യസ്ത ആവശ്യങ്ങൾക്കനുസരിച്ചാണ് വിടിനുള്ളിലെ ക്രമീകരണം നടത്തുന്നത്<br>• കാലാവസ്ഥ , ഭൂപ്രകൃതി ഇവ വീടുകൾ നിർമ്മിക്കുന്നതിനെ സ്വാധീനിക്കുന്നു | • അളവ് നിബന്ധനകളില്ലാതെ അകം പുറം കാഴ്ചകൾ വരയ്ക്കുവാൻ സാധിക്കുന്നു.<br>• അനുയോജ്യമായ നിർമാണ സാമഗ്രികൾ തിരഞ്ഞെടുത്ത് പ്രയോജനപ്പെടുത്തുന്നു<br>• വ്യത്യസ്ത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വീടിന്റെ വിവിധ മാതൃക നിർമ്മിക്കുന്നതിനുള്ള ശേഷി<br>• ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി | • വിവിധതരത്തിലുള്ള വീടുകളും കെട്ടിടങ്ങളും നിരീക്ഷിക്കാനുള്ള മനോഭാവം<br>• വീടിന്റെ രൂപരേഖ ആവശ്യങ്ങൾ പരിഗണിച്ചുള്ളതായിരിക്കണം. | • പുറം കാഴ്ച (എവേഷൻ) വരയ്ക്കൽ<br>• മാതൃക നിർമ്മാണം | • **ഗണിതം** ആകൃതി അളവ്<br>• **പരിസരപഠനം** കാലാവസ്ഥ ഭൂപ്രകൃതി | • വീടിന്റെ/ക്ലാസ്മുറിയുടെ അകം, പുറം ചിത്രം വരയ്ക്കുന്നു.<br>• ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ വീടിന്റെ മാതൃക നിർമ്മിച്ച് ഭംഗിയാക്കുന്നു.<br>• പ്രദർശനം സംഘടിപ്പിക്കുന്നു . | • ഈർക്കിൽ കമ്പുകൾ , കട്ടിയുള്ള ,പേപ്പർ കാർഡ്ബോർ ,ഡ് ,കത്രിക ,പശ ,പെയിന്റ് ഡ്രാഫ്റ്റിംഗ് ഉപകരണങ്ങൾ (ഇൻസ്ട്രമെൻ ബോക്സിലെ ഉപകരണങ്ങൾ) | • വ്യത്യസ്ത അളവിലും തോതിലും നിർമ്മിക്കുന്ന വീടിന്റെ രൂപഭം ഗി, അളവുകളുടെ കൃത്യത, സൂക്ഷ്മത, സ്വയം, പരസ്പര വിലയിരുത്തൽ<br>• പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• അനുയോജ്യമായ ഉപകരണങ്ങളുടെ തിരഞ്ഞെടുപ്പും അവ ഉപയോഗിക്കുന്നതിലെ വൈദഗ്ധ്യവും | 3 പിരിയഡ് |